# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3628 30.01.2014-ൽ മറുപടിയ്ക്ക്**

**<u>പോപ്പുലർ ഫ്രണ്ട് പ്രവർത്തകരുടെ തീവ്രവാദ ബന്ധം</u>**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ. എളമരം കരീം<br>ഡോ. കെ. ടി. ജലീൽ<br>ശ്രീമതി. കെ. കെ. ലതിക | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) നാറാത്ത് ആയുധ പരിശീലനത്തിനിടെ പിടിയിലായ പോപ്പുലർ ഫ്രണ്ടുകാരുടെ തീവ്രവാദബന്ധം സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) ദേശീയ അന്വേഷണ ഏജൻസിയാണ് ഈ കേസ് ഇപ്പോൾ അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. ആയതിനാൽ വിശദാംശങ്ങൾ ലഭ്യമല്ല. |
| ബി) പ്രസ്തുത സംഘടന സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ബോംബും വടിവാളും ഉൾപ്പെടെയുള്ള മാരകായുധങ്ങൾ ഉപയോഗിച്ച് രാജ്യദ്രോഹ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതായി അറിയാമോ ; എങ്കിൽ ഇതിന്മേൽ പോലീസ് നടപടികൾ ഉണ്ടാകുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) പ്രസ്തുത സംഘടനയുടെ പ്രവർത്തനങ്ങൾ സംസ്ഥാന ഇന്റലിജൻസ് വിഭാഗം സസൂക്ഷ്മം നിരീക്ഷിക്കുകയും രാജ്യദ്രോഹ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനെതിരെ സത്വര നടപടികൾ പോലീസ് സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| സി) പോപ്പുലർ ഫ്രണ്ട് പ്രവർത്തകർക്ക് ബന്ധമുള്ള എത്ര കേസുകൾ ഇപ്പോഴും സംസ്ഥാനത്ത് അന്വേഷണത്തിലിരിക്കുന്നു ; എത്ര പേർ അറസ്റ്റ് ചെയ്യപ്പെടാൻ അവശേഷിക്കുന്നു ; രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൽ ഇപ്പോഴും കുറ്റപത്രം നൽകിയിട്ടില്ലാത്തവ എത്ര; പ്രസ്തുത വിവരങ്ങൾ ലഭ്യമാണോ ; എങ്കിൽ വിശദമാക്കുമോ? | (സി) പോപ്പുലർ ഫ്രണ്ട് പ്രവർത്തകർക്ക് ബന്ധമുള്ള 37 കേസുകൾ ഇപ്പോഴും സംസ്ഥാനത്ത് അന്വേഷണത്തിലിരിക്കുന്നു. 729 പേർ അറസ്റ്റ് ചെയ്യപ്പെടാൻ അവശേഷിക്കുന്നു. രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൽ 37 എണ്ണത്തിൽ ഇപ്പോഴും കുറ്റപത്രം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ